A1/94/2025-CLAD-Part(1)

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവകലാശാലക്ക് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതത്തിൽ അധികധനാനുമതിയായി വകയിരുത്തിയ തുക അനുവദിച്ച് ഉത്തരവാകുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.115/2026/CLAD തീയതി,തിരുവനന്തപുരം, 10-02-2026

പരാമർശം:- 1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ

2 കേരള കലാമണ്ഡലം രജിസ്ട്രാറുടെ 05.01.2026 തീയതിയിലെ കെ.കെ.എം.ഡി.യു./എഫ്-1/592/2025 നമ്പർ കത്ത്

3. സ.ഉ.(സാധാ)നം.1011/2026/ധന. തീയതി, 31.01.2026

**ഉത്തരവ്**

പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, കേരള കലാമണ്ഡലം കല്പിത സർവകലാശാല ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കുന്നതിനായി പദ്ധതിയേതര വിഹിതത്തിൽ ₹ 1,00,00,000/-(ഒരു കോടി രൂപ മാത്രം) "2205-101-97-31-(NV) എന്ന ശീർഷകത്തിൽ അധികധനാനുമതിയായി വകയിരുത്തി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കേരള കലാമണ്ഡലത്തിലെ ജീവനക്കാരുടെ 2025 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ ശമ്പളവും മറ്റ് അലവൻസുകളും ശമ്പള കുടിശ്ശികയും നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷം കേരള കലാമണ്ഡലം കല്പിത സർവകലാശാലക്ക് അധികധനാനുമതിയായി പരാമർശം (3) പ്രകാരം വകയിരുത്തിയ ₹1,00,00,000/-(ഒരു കോടി രൂപ മാത്രം) "2205-101-97-31-(NV) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ തലപ്പിള്ളി സബ് ട്രഷറിയിലുള്ള 799011400000156 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

4. അധികധനാനുമതി മുഖേന അനുവദിച്ചിട്ടുള്ള തുക, നടപ്പ് സാമ്പത്തിക വർഷം

അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3114034/EDN-D1/70/2025-FIN dated 05.02.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 10-02-2026 13:53:17